പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2481 — 18-06-2014 - ൽ മറുപടിയ്ക്ക്

## ഉമ്മൻചിറ അണക്കെട്ട് പുതുക്കി പണിയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ: | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) തലശ്ശേരി മണ്ഡലത്തിലെ ഉമ്മൻചിറ അണക്കെട്ട് പുതുക്കി പണിയണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ; | (ബി) ഉമ്മൻചിറ അണക്കെട്ട് പുതുക്കിപ്പണിയുന്നതിനായി നബാർഡ് ആർ.ഐ.ഡി.എഫ് XVI - ൽ അംഗീകാരം ലഭിക്കുകയും, അതേ തുടർന്ന് 4 തവണ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ആദ്യത്തെ 3 തവണയും കരാറുകാരിൽ നിന്നും യാതൊരു പ്രതികരണവും ഉണ്ടായില്ല. എന്നാൽ 4-ാമത്തെ തവണ ദർഘാസ് 67% അധിക നിരക്കിൽ ക്വോട്ട് ചെയ്തെങ്കിലും, നബാർഡ് അധിഷ്ഠിത പ്രവൃത്തിയായതിനാൽ 5% അധികനിരക്കിന് ദർഘാസ് അംഗീകരിക്കുകയും ചെയ്തു. എന്നാൽ 5% അധിക നിരക്കിന് കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ ക്വട്ടേഷൻ ക്ഷണിച്ച് പ്രവൃത്തി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) പ്രസ്തുത പദ്ധതിക്കായി നിലവിൽ തുക നീക്കിവച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (സി) നബാർഡ് ആർ.ഐ.ഡി.എഫ് XVI - ൽ 70.50 ലക്ഷം രൂപയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.